മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 29

# വാർത്താക്കുറിപ്പ്

---

## ബിരുദ- ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള ഏകജാലകം:മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു .

മൂന്നാം അലോട്ട്മെന്റിൽ മുൻ അല്ലോട്മെന്റുകളിൽ താത്കാലിക പ്രവേശനം എടുത്തിട്ടുള്ളവരും മൂന്നാം അലോട്ട്മന്റിൽ അലോട്ട്മെൻറ് ലഭിച്ചവരും ഉൾപ്പെടെ പ്രവേശനമെടുക്കാൻ ആഗ്രഹിക്കുന്നവർ എല്ലാം തന്നെ ഓഗസ്റ്റ് 31 ന വൈകുന്നേരം നാലുമണിക്ക് മുൻപായി ബന്ധപ്പെട്ട കോളേജുകളിൽ നേരിട്ട് ഹാജരായി സ്ഥിര പ്രവേശനം എടുക്കേണ്ടതാണ് . താത്കാലിക പ്രവേശനത്തിനുള്ള സൗകര്യം മൂന്നാം അലോട്ട്മെന്റിൽ ലഭ്യമായിരിക്കുന്നതല്ല .എന്നാൽ ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചവരും സ്ഥിര പ്രവേശനം തിരഞ്ഞെടുത്തവരും ഒഴികെയുള്ള പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽ പെട്ടവർക്ക് ഇവർക്കായുള്ള മൂന്നാം പ്രത്യേക അലോട്ട്മെന്റ് വരെ താത്കാലിക പ്രവേശനത്തിൽ തുടരാവുന്നതാണ് .

മുൻ അലോട്ട്മെന്റുകളിൽ പ്രവേശനമെടുത്തവർ സ്ഥിര പ്രവേശനം എടുക്കാൻ ആഗ്രഹിക്കുന്ന പക്ഷം പ്രവേശനത്തിന് മുൻപായി നിർബന്ധമായും ഒരു പ്രാവശ്യം ലോഗിൻ ചെയ്ത് അലോട്ട് മെൻറ് പരിശോധിക്കാവുന്നതാണ് .

## മൂന്നാം അല്ലോട്മെന്റിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ

ഒന്ന് മുതൽ മൂന്ന് വരെ അലോട്മെന്റുകൾ ഉള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രക്രിയയുടെ അവസാന അലോട്ട്മെന്റ് ആണ് മൂന്നാമത്തേത് .അതുകൊണ്ടു തന്നെ ഒന്നും രണ്ടും അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനമെടുത്ത് നിൽക്കുന്നവർ മൂന്നാം അലോട്ടുമെന്റിൽ സ്ഥിര പ്രവേശനം എടുത്തില്ലായെങ്കിൽ അത്തരക്കാരുടെ അലോട്ട്മെന്റ് റദ്ദാക്കപ്പെടും .അതുപോലെ മൂന്നാം അലോട്ടുമെന്റിൽ അലോട്ട്മെന്റ് ലഭിച്ചവരും ഓഗസ്റ്റ് 31 ന 4 പി.എം ന മുൻപായി സ്ഥിരപ്രവേശനം എടുത്തില്ലെങ്കിൽ അത്തരക്കാരുടെയും പ്രവേശനം റദ്ദാക്കപ്പെടും. എന്നാൽ ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചവരും സ്ഥിര പ്രവേശനം തിരഞ്ഞെടുത്തവരും ഒഴികെയുള്ള പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽ പെട്ടവർക്ക് പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽ പെട്ടവർക്ക് ആയുള്ള മൂന്നാം പ്രത്യേക അലോട്ട്മെന്റ് വരെ താത്കാലിക പ്രവേശനത്തിൽ തുടരാവുന്നതാണ്

## സപ്പ്ളിമെന്ററി അലോട്ട്മെന്റ്

ഒന്ന് മുതൽ മൂന്ന് വരെ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരല്ലാത്തവർക്കും നിലവിൽ അലോട്ട്മെന്റ് ലഭിക്കാത്തവർക്കും അലോട്ട്മെന്റ് ലഭിച്ചിട്ട് വിവിധ കാരണങ്ങളാൽ റിജക്ട് ആയി പോയവർക്കും ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിക്കാവുന്നതാണ് .എന്നാൽ നിലവിൽ പ്രവേശനം എടുത്തവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിക്കുകയും പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്താൽ നിലവിലുള്ള അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതാണ് .ഇതുവരെ അപേക്ഷിക്കാൻ സാധിക്കാത്തവർക്കും സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിക്കാവുന്നതാണ് .നിലവിൽ ഒന്നുമുതൽ മൂന്നുവരെ ഉള്ള അലോട്ട്മെന്റുകളിലും/ കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ട / മാനേജ്മെന്റ് ക്വാട്ട എന്നിവയിൽ അപേക്ഷിച്ചവർക്കു നിലവിലുള്ള ക്യാപ്പ് ഐ .ഡി/ പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് നിർദിഷ്ട തീയതികളിൽ മാത്രം (ഷെഡ്യൂൾ നോക്കുക ) പുതുതായി ഫീസ് ഒടുക്കാതെ തന്നെ അപേക്ഷിക്കാവുന്നതാണ് .ഇതുവരെ ക്യാപ്പിൽ അപേക്ഷിക്കാൻ കഴിയാത്തവർ മാത്രം പുതുതായി അപേക്ഷാഫീസ് ഒടുക്കിയാൽ മതിയാകും .

(പി.ആർ.ഒ./39/12 50/2022)

## എം.ജി. യൂണിയൻ തെരഞ്ഞെടുപ്പ്

എം.ജി. സർവ്വകലാശാല യൂണിയൻ തെരഞ്ഞെടുപ്പ് (2021-22) ന്റെ അന്തിമ വോട്ടർ പട്ടിക ആഗസ്റ്റ് 29 ന് സർവ്വകലാശാല ഓഫീസിലും വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കേണ്ട അവസാന ദിവസം സെപ്റ്റംബർ 12 ന് ഉച്ചക്ക് ഒരു മണി വരെയാണ്.

(പി.ആർ.ഒ./39/12 51/2022)

## ക്ലാസ്സുകൾ 31 ന് ആരംഭിക്കും

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലെയും ബി എഡ് പ്രോഗ്രാമുകളിലെയും 2022 -23 അക്കാദമിക വർഷത്തെ ഒന്നാം സെമസ്റ്റർ ക്ലാസ്സുകൾ ആഗസ്റ്റ് 31 ന് ആരംഭിക്കും.

(പി.ആർ.ഒ./39/12 52/2022)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ എം.എസ്.സി പോളിമർ കെമിസ്ട്രി (2022-2024 ബാച്ച്) കോഴ്സിൽ എസ്.സി. / എസ്.റ്റി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. സി.എ.റ്റി പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 31 ന് നടക്കുന്ന സ്പോട്ട് അഡ്മിഷന് വൈകിട്ട് നാല് മണിക്ക് മുൻപ് വകുപ്പ് ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481-2731036, 9633583004, ഇ-മെയിൽ: office.scs@mgu.ac.in.

(പി.ആർ.ഒ./39/12 53/2022)

## പ്രാക്ടിക്കൽ പരീക്ഷ

2022 ജൂലൈ/ ആഗസ്റ്റ് മാസങ്ങളിൽ നടന്ന ആറാം സെമസ്റ്റർ ബി.വോക് ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി / ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് - സപ്ലിമെന്ററി / മെഴ്സി ചാൻസ് - പഴയ സ്കീം പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 31 ന് കളമശേരി സെന്റ് പോൾസ് കോളേജിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/12 54/2022)

**അനിൽകുമാർ ജി.**

**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**